Mr. Speaker : Do you press your amendments ?

Shri P. Ravindran : No.

Amendment No. 7 moved by Shri P. Ravindran was by leave, withdrawn.

Amendment No. 8 moved by Shri P. Ravindran was, by leave, withdrawn.

The Kerala Panchayats (Election of President and Vice President) Rules, 1963.

(*Notification G. O. M. S.* 660/63 *D. D. dt.* 14*th August* 1963.)

Rule 5

ശ്രീ. പി. രവീന്ദ്രൻ : സർ, ഞാൻ റൂം അഞ്ചിനു കൊടുത്തിട്ടുള്ള ഭേദഗതി അവതരിപ്പിക്കുന്നു:—

1. In Rule 5 delete the words 'and seconded', in the heading of the rule and also delete the words "and seconded by another"in the first sentence and the words 'and seconded' in the second sentence.

റൂം അഞ്ചിൽ പ്രസിഡണ്ടായോ വൈസ്പ്രസിഡണ്ടായോ തിരഞ്ഞെടുക്കപ്പെടുന്ന ആളിന്റെ പേർ ഒരു മെമ്പർ നിർദ്ദേശിക്കുകയും മറെറാരു മെമ്പർ അതിനെ പിൻതാങ്ങുകയും ചെയ്യണമെന്നാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഞാൻ ഇങ്ങനെ ഒരു ഭേദഗതി അവതരിപ്പിക്കാനുള്ള കാരണം മെമ്പറന്മാരെ ഇലക്ട് ചെയ്യുമ്പോഴും നമ്മുടെ പുതിയ റൂം അനുസരിച്ചു് പ്രൊപ്പോസൽ ചെയ്താൽ മതിയെന്നാണു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. നോമിനേഷൻ പേപ്പർ കൊടുക്കുമ്പോഴും അതിൽ തിരഞ്ഞെടുക്കുന്ന ആളിന്റെ പേരു് മാത്രം എഴുതി കൊടുത്താൽ മതിയെന്നുണ്ടു്, പിൻതാങ്ങണമെന്ന വ്യവസ്ഥയില്ല. അതുകൊണ്ടു് പ്രസിഡണ്ടിനേയോ വൈസ്പ്രസിഡണ്ടിനേയോ തിരഞ്ഞെടുക്കുന്ന അവസരത്തിലും ഒരാൾ പിൻതാങ്ങേണ്ട ആവശ്യമില്ലെന്നുള്ളതുകൊണ്ടാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ഇതു് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ഇതു് അത്ര കാര്യമായിട്ടുള്ള ഒരു ഭേദഗതിയല്ല. പ്രസിഡണ്ടിന്റേയും വൈസ് പ്രസിഡണ്ടിന്റേയും പേരു് നിർദ്ദേശിക്കുമ്പോഴും വേറൊരു മെമ്പർ അതിനെ സെക്കന്റു ചെയ്യുവെന്നു വിചാരിച്ചു് ഒരു ദോഷവും വരാനില്ല. ഈ ഭേദഗതി സ്വീകരിക്കുന്നില്ല.

Mr. Speaker : Do you press the amendment ?

Shri P. Ravindran : No, Sir.

Amendment No. 1 moved by Shri P. Ravindran was, by leave, withdrawn.

Rule 8

ശ്രീ. പി. രവീന്ദ്രൻ : സർ, റൂം എട്ടിൽ കൊടുത്തിട്ടുള്ള എന്റെ രണ്ടാമത്തെ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണു് :—

2. Delete Rule 8 and renumber.

പ്രസിഡണ്ടായി തിരഞ്ഞെടുക്കുന്നതിനു് സ്ഥാനാർത്ഥിയായി നിൽക്കുന്ന ആളിനു് വോട്ടവകാശം ഉണ്ടായിരിക്കുകയില്ലെന്നാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്. റൂം എട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

Any candidate "shall take part in a ballot" എന്നാണ് പറഞ്ഞിരിക്കുന്നത്. ആദ്യം പ്രസിഡണ്ട് തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് പ്രസിദ്ധീകരിച്ച നിയമത്തിൽ ഇങ്ങനെയൊരു റൂൾ പ്രത്യേകമായിട്ടുണ്ടായിരുന്നില്ല. അതിൽ, Eligibility of Candidates to Vote എന്നുണ്ടായിരുന്നില്ല. പഞ്ചായത്താകംറിൽ വ്യവസ്ഥചെയ്തിരിക്കുന്നതു് മെമ്പറന്മാരെ തിരഞ്ഞെടുത്തു കഴിഞ്ഞാൽ, ആ മെമ്പറന്മാരിൽനിന്നുതന്നെ പ്രസിഡൻറിനേയും, വൈസ് പ്രസിഡൻറിനേയും തിരഞ്ഞെടുക്കണമെന്നാണ്. അതിലും സ്ഥാനാർത്ഥിയായി നിൽക്കുന്ന ആളിനു് വോട്ടുചെയ്യാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്തിട്ടില്ല. അസംബ്ളിയിലേയ്ക്കും, പാർലമെൻറിലേക്കും സ്ഥാനാർത്ഥിയായി നിൽക്കുന്നവർക്കും വോട്ടവകാശം കൊടുക്കുന്നുണ്ട്. അതിനുദാഹരണമായി കഴിഞ്ഞ അസംബ്ളി തിരഞ്ഞെടുപ്പിൽ ശ്രീ. പട്ടം താണുപിള്ള ഒന്നാമതായി അദ്ദേഹത്തിനുവേണ്ടി വോട്ടുചെയ്യാൻ പോകുന്ന ഫോട്ടോ പത്രങ്ങളിലുണ്ടായിരുന്നു. എന്നാൽ ഇതിൽ മാത്രം ഇങ്ങനെ പ്രത്യേകമായി വോട്ടുചെയ്യാൻ പാടില്ലെന്നു് വ്യവസ്ഥ ചെയ്യുന്നതു് ശരിയായിരിക്കുകയില്ല. ഇതു് നിയമംമൂലം കൊടുത്തിരുന്ന അവകാശത്തെ അതിലംഘിക്കുകയാണു് ചെയ്യുന്നതു്. പ്രസിഡൻറിനേയും വൈസ് പ്രസിഡൻറിനേയും തിരഞ്ഞെടുക്കുന്നതിനെപ്പറ്റി രണ്ടു പ്രാവശ്യം റൂളുകൾ എഴുതിയുണ്ടാക്കി. ആദ്യം പ്രസിദ്ധീകരിച്ച ചട്ടത്തിൽ ഇങ്ങനെയൊന്നുണ്ടായിരുന്നില്ല. അതിനെ ഭേദഗതിയോടുകൂടി രണ്ടാമതും പ്രസിദ്ധീകരിച്ചപ്പോഴാണു് പ്രസിഡൻറും വൈസ്പ്രസിഡൻറുമായി നിൽക്കുന്നവർക്കു് വോട്ടവകാശം ഇല്ലെന്നു് എഴുതിവെച്ചിട്ടുള്ളതു്. പ്രസിഡൻറിനേയും വൈസ് പ്രസിഡൻറിനേയും തിരഞ്ഞെടുക്കുന്നതിനെപ്പറ്റി റൂൾ ഉണ്ടാക്കുന്നതിൽ ഇത്ര വ്യഗ്രത കാണിക്കേണ്ട ആവശ്യം എന്താണെന്നു മനസ്സിലാകുന്നില്ല. പഞ്ചായത്തതിർത്തിയിലുള്ള വസ്തു കൈമാറ്റങ്ങളെക്കുറിച്ചും, അവയിൽനിന്നും നികുതി ഈടാക്കുന്നതിനെക്കുറിച്ചും ആവശ്യമായ റൂൾ ഇതുവരെ ഉണ്ടാക്കിയിട്ടില്ല. പഞ്ചായത്തിനു് വരുമാനം ഉണ്ടാക്കിക്കൊടുക്കുന്നതിനു് സഹായിക്കുന്ന റൂളാണു് അതു്. 71-ാം വകുപ്പനുസരിച്ചു് വസ്തു കൈമാറ്റം നടത്തുമ്പോൾ അതിൽ നിന്നും പഞ്ചായത്തിലേക്കുള്ള ഡ്യൂട്ടി ഈടാക്കുന്നതിനു് വ്യവസ്ഥ ചെയ്തിട്ടില്ല. പഞ്ചായത്തിലേയ്ക്കു കിട്ടുന്ന വരുമാനം എത്ര തുച്ഛമാണെന്നുള്ളതു് നമുക്കറിയാവുന്നതാണു്. അതു് വർദ്ധിപ്പിക്കുന്നതിനോ പഞ്ചായത്തിൻറെ ഭരണം സുരക്ഷിതമാക്കുന്നതിനോ സഹായിക്കുന്ന രീതിയിൽ പഞ്ചായത്താകംറിലെ 71-ാം വകുപ്പനുസരിച്ചുള്ള ചട്ടങ്ങളും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. അങ്ങനെ ആവശ്യമായ കാര്യത്തിനു് വ്യഗ്രത കാണിക്കാതെ പ്രസിഡണ്ടിനേയും വൈസ്പ്രസിഡൻറിനേയും തിരഞ്ഞെടുക്കുന്ന കാര്യത്തിൽ രണ്ടു പ്രാവശ്യം റൂളുണ്ടാക്കാനുള്ള കാരണമെന്താണെന്നു മനസ്സിലാകുന്നില്ല. രണ്ടാമത്തെ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു് ആകംറിനു വിരുദ്ധമായിട്ടാണു്. ഇതിലെ റൂൾ എട്ടു് പഞ്ചായത്താകംറിലെ വ്യവസ്ഥകൾക്കു് വിരുദ്ധമായിട്ടുള്ളതുകൊണ്ടു് ഇതിൻറെ ആവശ്യമില്ലെന്നാണു് എൻറെ അഭിപ്രായം. കാരണം മെമ്പറന്മാർക്കുള്ള അവകാശത്തെ എടുത്തുകളയുന്നതാണു് ഇതു്. അതുകൊണ്ടു് റൂൾ എട്ടു് എടുത്തുകളയണമെന്നാണു് എൻറെ ഭേദഗതി, അതു് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ ഈ ഭേദഗതി സ്വീകരിക്കുന്നു. നമ്മുടെ രാജ്യത്തു് കക്ഷിരഹിതമായ മനോഭാവം പുലർത്തിക്കൊണ്ടാണു് പല പഞ്ചായത്തുകളിലും അംഗങ്ങളെ തിരഞ്ഞെടുത്തിട്ടുള്ളതു്. എല്ലാ പഞ്ചായത്തുകളിലും അങ്ങനെയാണെന്നു ഞാൻ പറയുന്നില്ല. എങ്കിലും കക്ഷിരഹിതമായ അടിസ്ഥാനത്തിൽ പ്രസിഡൻറിനേയും വൈസ് പ്രസിഡൻറിനേയും തിരഞ്ഞെടുക്കുന്ന ഒരേർപ്പാടാണു് ഇപ്പോഴും സ്വീകരിച്ചിട്ടുള്ളതു്. പല സ്ഥലങ്ങളിലും സ്ഥാനാർത്ഥിയായി നിൽക്കുന്ന ആളുകൾതന്നെ മുൻകൈ എടുത്തു് കക്ഷിരഹിതമായ അടിസ്ഥാനത്തിൽ പ്രസിഡൻറിനേയും വൈസ് പ്രസിഡൻറിനേയും തിരഞ്ഞെടുക്കുകയാണു് ചെയ്തിട്ടുള്ളതു്. അങ്ങനെയുള്ള ഒരു പരിതസ്ഥിതിയിൽ ഇതിൽ എതിർപ്പുണ്ടെന്നു കാണുന്നതുകൊണ്ടു് ഞാൻ ഈ ഭേദഗതി സ്വീകരിക്കുന്നു.

12 noon]

LIBRARY ARCHIVES Kerala Legislative Assembly

The amendment that Rule 8 shall be deleted and the remaining rules renumbered was put and carried.

The Kerala Panchayats (Requisition of Documents Rules, 1963 (Notification G. O. Ms. 712/63/DD dated 11th Sept. 1963.

ശ്രീ. കെ. കുഞ്ഞപിള്ള : സർ, എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

1. In Rule 2, substitute 'President' for "Executive Authority" in line 4.

കേരള പഞ്ചായത്തു് ആക്ടിലെ 42–ാം വകുപ്പനുസരിച്ചു് ഗവണ്മെന്റു് പുറപ്പെടുവിച്ചിട്ടുള്ള റൂൾസു് ആണു് ഇതു്. ഒന്നാമതു എനിക്കു് പറയുവാനുള്ളതു് 42–ാം വകുപ്പനുസരിച്ചു് റൂൾസു് ഉണ്ടാക്കുന്നതിനു് ഗവണ്മെന്റിനു് കൊടുത്ത അധികാരത്തിൽ കവിഞ്ഞ അധികാരം ഉപയോഗിച്ചാണു് ഈ റൂൾ ഉണ്ടാക്കിയിരിക്കുന്നതു് എന്നുള്ളതാണു്. പഞ്ചായത്തു് റിക്കാർഡുകളും മറ്റും എടുക്കുവാനുള്ള അധികാരം പ്രസിഡന്റിനോ പഞ്ചായത്തു് ആഫീസറോ ആണെന്നാണു് 42–ാം വകുപ്പിനകത്തു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ ഈ ഭേദഗതി സ്വീകരിക്കുന്നു, സർ.

ശ്രീ. കെ. കുഞ്ഞപിള്ള : ഈ ഭേദഗതി സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്കു് എനിക്കൊന്നും പറയുവാനില്ല.

The amendment was put and carried.

RESOLUTION UNDER ARTICLE 252 OF THE CONSTITUTION

Minister for Food and Agriculture **Shri E. P. Poulose**: Sir, I move the following Resolution:—

"Whereas the Central Warehousing Corporation and the State Warehousing Corporations established under the Warehousing Corporations Act, 1962 (58 of 1962), are empowered to run Warehouses for the storage of agricultural produce, seeds, manures, fertilisers, agricultural implements and any other notified commodity, being a commodity with respect to which Parliament has power to make laws by virtue of entry 33 of List III in the Seventh Schedule to the Constitution;

And whereas it is desirable that legislation should be undertaken to enable the said Corporations to store in their warehouses other commodities also in addition to those mentioned in the aforesaid Central Act;

AND WHEREAS legislation for the purpose mentioned above is reliable to matters enumerated in entry 26 and entry 27 of List II in the Seventh Schedule to the Constitution with respect to which Parliament has no power to make a law for the States except as provided in articles 249 and 250 thereof;

AND WHEREAS it appears to this Assembly to be desirable that such legislation should be undertaken by Parliament;

NOW THEREFORE in pursuance of clause (1) of article 252 of the Constitution, this Assembly hereby resolves that storage of commodities other than those covered by the Warehousing Corporations Act, 1962 (58 of 1962) in the warehouses run by the Corporations established under that Act shall be regulated in this State by Parliament by law,"

LIBRARY ARCHIVES Kerala Legislative Assembly